# <u>സമയചക്രത്തിൽ</u>

# <u>നീതീത്രാസിന്റെ തട്ടുകൾ</u>

**[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

അപ്സരസ്സും സിറിയസ്സും[1]
([1] ഏറ്റവും ഉഗ്രപ്രകാശിനിയായ താരം)
ഇടംവലം ഉദിക്കുന്ന
അണുപ്രേമ ഘർഷണത്തിൽ
മുഴുനീളൻ കെട്ടിടം.

പടിഞ്ഞാറൻ കടലും
കിഴക്കൻ മലയും ചൂഴും
ഇടനാടായിടയിൽ മരുവും
ഫലഭൂയിഷ്ഠഭൂവിൽ കർമ്മം.

ഗാഢഗവേഷകന്റെ
നടുക്കളശ്ശാലയിൽ
മറുഭാഷാരേഖാചിത്രം
പട്ടികയിലെ കൂട്ടുകഥ.

നാടൻത്തനിമ മൂളും
ഇന്ത്യൻ വർണ്ണക്കൊടിത്താനം
സാഗരഗീതം തുഴയുമോളത്തിൽ
പാറുന്നു വാനവരമ്പിൽ.

കുടിയേറ്റ മുലക്കണ്ണിൽ
നൂറ്റാണ്ടു ചുരത്തിയ
നറുന്തേൻ മേമ്പൊടി
അന്നജ ദാഹശമിനി.

സ്വർണ്ണക്കരവേഷ്ടി പെട്ടിയിൽ പൂട്ടി
ഹഡ്സന്റെ പുഴയോളത്താളത്തിൽ
കയാക്കിൻ[2]ത്തുഴയുടെ പേശീബലം
([2] ഇരുഭാഗത്തും അലകുകളുള്ള തുഴ ഉപയോഗിക്കുന്ന ഒരു തരം ചെറുവഞ്ചി)
പ്രാന്തക്കാഴ്ച്ചകളൊഴുക്കുമ്പോൾ,
ഇന്ത്യൻ പോയിന്റിലെ
താഴികക്കുടക്കോൺക്രീറ്റിൽ[3]
([3] ഹഡ്സൺ തീരത്തുള്ള ഇന്ത്യൻ പോയിന്റിലെ ന്യൂക്ലിയർ പവ്വർ റിയാക്ടർ)
നാവു ചുഴറ്റിത്തീർക്കും
പുകവളയ മന്ത്രക്കാഴ്ച
പുറംലോക ദർശന-
ത്തീയിൽ പുകയുന്ന കാർസന്റെ[4]
“നിശബ്ദവസന്ത”ത്തേങ്ങൽ[5]ധ്വനി.
([4, 5] റെയ്ച്ചൽ കാർസന്റെ SILENT SPRING എന്ന പരിസരവാദം പിന്താങ്ങുന്ന പ്രസിദ്ധ പുസ്തകം)

സമയരഥച്ച്രക്രത്തിലെ
നീതിയുടെ തുലാസ്സ്
ഗുരുത്വാകർഷണതത്ത്വ-
സമവാക്യമറിയാതെ
തട്ടിനെ തട്ടിപ്പൊക്കിയും
തച്ചുടച്ചു താഴ്ത്തിയും
ഇരുവശഞ്ചായും മൂരിയായ്
ദീർഘനിശ്വാസക്കാറ്റിനു
ചലനനിയമവേദം പരതുന്നു!
************************************************************